# ഉഷ പാടുന്നു

ഒരു നവധീരത നിഴലിട്ടു നില്ക്കും
മമ നീലക്കടമിഴിക്കോണുകൾ കാണാൻ
അഴികൾക്കു പിന്നിൽ നിന്നണയുകയില്ലേ
അനിരുദ്ധ –നെൻ ജീവനായകൻ തോഴി?

മധുരിച്ച സ്വപ്നങ്ങൾ കതിരിട്ടു നിന്നെൻ
വികസിത സങ്കല്പ മേഖല നീളെ.
തകരുകയാണവയാകവേ, യിന്നെൻ
മിഴികളിൽ പക്ഷേ നീ കാണില്ല കണ്ണീർ.
നിറയും വികാരം തുളുമ്പിത്തുളുമ്പി
ഹൃദയങ്ങളൊന്നിച്ചു ചേർന്നുപോയ് തോഴി!
അറിയാതെയല്ല ഞാനർപ്പിച്ചതെന്റെ
മധുപൂർണ്ണ മധുരിത ജീവിത ചഷകം.
കദനങ്ങൾ ചൂഴ്ന്നിരുൾ മൂടിയെന്നാലും
കരയുകയില്ല ഞാ, നെൻ ചിത്രലേഖേ!

അനുരാഗലോലമെൻ മണിയറയിങ്കൽ
തരിവളക്കൂട്ടങ്ങൾ പൊട്ടിച്ചിരിക്കെ
മധുമയസ്വപ്നങ്ങളാകാരമാർന്നെ–
ന്നരികിലേയ്ക്കെത്തിയ സ്നേഹത്തിടമ്പേ!
ഹൃദയം ത്രസിക്കുകയാണിതാ വീണ്ടും
അറിയാതെ, യാരംഗമെൻ മുന്നിലെത്തേ.
മലരണി മെത്തയിൽ നിന്നു നീയാഹാ!
ഇരുളിന്റെ കൽത്തുറുങ്കറകളിലായി.

"കരയല്ലെ, നിൻ കണ്ണുനീർത്തുള്ളി വീണാൽ
അനിരുദ്ധനാഹാ! സഹിക്കില്ല നാഥേ!"
ഇടി മുഴക്കീടുന്നു വീണ്ടുമാശബ്ദം
സിരകളി–ലെൻ ജീവസിരകളിലാകെ.
ഹൃദയം വിതുമ്പിത്തുളുമ്പുമാനേരം
കരയാതെ, യെങ്ങിനെ നിന്നു ഞാൻ തോഴി?

ഉയരത്തിലുയരത്തിൽ മിന്നിത്തിളങ്ങും
ഒരു വെള്ളിനക്ഷത്രമെന്നതു പോലെ
അകലത്തിൽ നിന്നിങ്ങുമണയുകയില്ലേ
ഉദയ– മെൻ ജീവിത വിജയത്തിന്നുദയം?

ഒരു നവധീരത നിഴലേന്തി നില്ക്കും
മമ നീലക്കടമിഴിക്കോണുകൾ കാണാൻ
അഴികൾക്ക പിന്നിൽ നിന്നണയുവതെന്നാ–
ണനിരുദ്ധ– നെൻ ജീവനായകൻ തോഴി? ■ കൗമുദി വാരിക